**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **14-03-2022 - ൽ മറുപടിയ്ക്ക്**

**അനന്തരാവകാശ സർട്ടിഫിക്കറ്റ് ഓൺലൈൻ വഴി ലഭ്യമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖാന്തിരം ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം 08/02/2022 തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. തന്മൂലം അപേക്ഷകർ നേരിട്ട് / താലൂക്ക് ഓഫീസിൽ എത്തി അപേക്ഷ നൽകേണ്ട സാഹചര്യം ഒഴിവായിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്. 1.ആവശ്യമായ രേഖകൾ സഹിതം പൊതുജനങ്ങൾക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം. 2. വില്ലേജ് ഓഫീസർക്ക് പ്രസ്തുത അപേക്ഷ പരിശോധിച്ച് മൊഴികൾ ഉൾപ്പെടെയുള്ള രേഖകൾ സഹിതം ഓൺലൈനായി തന്നെ റിപ്പോർട്ട് തഹസിൽദാർക്ക് സമർപ്പിക്കുന്നതിനുള്ള സൗകര്യം. 3. അപേക്ഷ, റിപ്പോർട്ട് എന്നിവ പരിശോധിച്ച് തഹസിൽദാർക്ക് തീരുമാനമെടുക്കുന്നതിനുള്ള സൗകര്യം. |
| (ബി) | അനന്തരാവകാശ സർഫിക്കറ്റ് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം വന്നുകഴിഞ്ഞാൽ ബന്ധപ്പെട്ട അപേക്ഷകർക്ക് ഓൺലൈൻ വഴി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ? | (ബി) | നിലവിൽ ഇ-ഡിസ്ട്രിക്റ്റ് മുഖാന്തിരം അനന്തരാവകാശ സർട്ടിഫിക്കറ്റിനു അപേക്ഷിക്കുന്ന അപേക്ഷകർക്ക് ഗസറ്റ് വിജ്ഞാപനം വന്നു കഴിഞ്ഞുള്ള നിയമാനുസൃത കാലാവധിക്കു ശേഷം ഓൺലൈനായി തന്നെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ ഭാഗമായുള്ള ഗസറ്റ് വിജ്ഞാപന നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി അച്ചടി വകുപ്പിന്റെ COMPOSE (Comprehensive Operations and Management of Press Over Secure Environment) സോഫ്റ്റ് വെയറുമായി ഇ-ഡിസ്ട്രിക്ട് ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ KSITM/NIC മുഖാന്തിരം സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ